(സി) അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് എം.എൽ.എ. മാരുടെ സഹകരണത്തോടുകൂടിയുള്ള ട്രഷറി നിക്ഷേപ സമാഹരണത്തിലൂടെ ലക്ഷ്യമിടുന്നത്. സർക്കാർ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഇതുവരെ ഭരണാനുമതിയൊന്നും നൽകിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 1522, 1523, 1524, 1529, 1530, 1531, 1539, 1540, 1546, 1547, 1549, 1550, 1556, 1557, 1558, 1559, 1560, 1561, 1562, 1564, 1565, 1574, 1575, 1576, 1577, 1578, 1580, 1581, 1591, 1596, 1597, 1608, 1610, 1613, 1619, 1620, 1621, 1622, 1625, 1626, 1633, 1634, 1635, 1636, 1643, 1645, 1646, 1650, 1651, 1653, 1654, 1656, 1658, 1661, 1663, 1665, 1668, 1670, 1671, 1673, 1674, 1678, 1679, 1680, 1684, 1702, 1716, 1718, 1721, 1724, 1725, 1728, 1734, 1737, 1738 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

9.30 A.M]

II അടിയന്തര പ്രമേയം

അന്യസംസ്ഥാന ലോട്ടറി ഇടപാട്

മി. സ്പീക്കർ : അന്യസംസ്ഥാന ലോട്ടറിയിടപാടിൽ കഴിഞ്ഞ നാല് വർഷം കൊണ്ട് 80,000 കോടി രൂപയുടെ തിരിമറി നടന്നുവെന്നും ഈ പണം തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെന്ന ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടും ഈ പറഞ്ഞ കേസ് ദേശീയ കുറ്റാന്വേഷണ ഏജൻസിയായ സി.ബി.ഐ.യും എൻ.ഐ.എ.യും അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും കത്ത് അയച്ചിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. വി. ഡി. സതീശൻ, സി. ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, എം. കെ. പ്രേംനാഥ്, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ലോട്ടറി നടത്തിപ്പുകാർ കേന്ദ്ര ലോട്ടറി നിയമം ലംഘിച്ച് ദിനംപ്രതി കോടിക്കണക്കിന് രൂപ അനധികൃതമായി കേരളത്തിൽ നിന്ന് കടത്തിക്കൊണ്ടുപോവുകയാണ്. തെളിവുകൾ നിരത്തി ഇക്കാര്യം നിരവധിതവണ കേരളം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റിന് മാത്രമേ അധികാരമുള്ളൂ. കേന്ദ്രമാകട്ടെ നാം നൽകുന്ന കത്തുകൾക്ക് 'പരിഗണനയിലാണ്' എന്ന മറുപടി മാത്രമാണ് നൽകുന്നത്. കേന്ദ്ര വിദേശമന്ത്രാലയം ഭൂട്ടാൻ അംബാസിഡറെ വിളിച്ച് ഒരു യോഗം നടത്തുകയും ആ യോഗത്തിൽ വെച്ച് ലോട്ടറി നിയന്ത്രണ നിയമത്തിന്റെ ഇന്നയിന്ന ലംഘനങ്ങൾ നടത്തുന്നുവെന്നും അത് പരിഹരിക്കണമെന്നും അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിരുന്നു. ഈ യോഗത്തിന്റെ മിനിറ്റ്സ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിക്ക് കിട്ടിയിരുന്നു. ഭൂട്ടാൻ ലോട്ടറിയുടെ പേരിൽ ഇവിടെ നടക്കുന്ന നിയമലംഘനങ്ങൾ കേന്ദ്ര സർക്കാരിന് ബോദ്ധ്യമുള്ളതാണെന്നതിന്റെ തെളിവായിവേണം ഈ കത്തിനെ കാണാൻ. ഈ സാഹചര്യത്തിൽ 29-11-2010-ൽ ഞാൻ കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് ഒരു കത്ത് അയച്ചു. നിയമലംഘനത്തെക്കുറിച്ച് നിങ്ങൾക്ക് തന്നെ ബോദ്ധ്യമുള്ള സ്ഥിതിക്ക് അതു പരിഹരിക്കുന്നതുവരെയെങ്കിലും അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കണമെന്നായിരുന്നു അതിൽ പറഞ്ഞത്. മാത്രവുമല്ല കോടാനുകോടി രൂപ കണക്കിൽപ്പെടാതെ സമാഹരിക്കുന്ന ഇവർ ആ പണം കള്ളപ്പണം വെളുപ്പിക്കുന്നതിനും ഭീകര പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുവാനുള്ള സാധ്യതയും തള്ളിക്കളയാനാവുകയില്ല. ഇക്കാര്യം അന്വേഷിക്കണമെന്നും ഞാൻ കത്തിൽ സൂചിപ്പിച്ചിരുന്നു. ഈ അന്വേഷണം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരാത്തതിനാൽ അത് അനുയോജ്യമായ കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് ഞാൻ എഴുതിയത്. കത്ത് കിട്ടിയിട്ടും ശ്രീ. പി ചിദംബരം ഒന്നും ചെയ്തില്ല. ഒരു മറുപടിപോലും നൽകിയതുമില്ല. ശ്രീ. പി. ചിദംബരത്തിന് അയച്ച കത്തിന്റെ കോപ്പിയും ഭൂട്ടാൻ അംബാസിഡറുമായി നടത്തിയ യോഗത്തിന്റെ മിനിറ്റ്സിന്റെ കോപ്പിയും ഒരു കവറിംഗ് ലെറ്ററോടുകൂടി ഞാൻ പ്രധാനമന്ത്രിക്കും അയച്ചുകൊടുത്തിരുന്നു. ഇക്കാര്യത്തിൽ അസാധാരണമായോ അസ്വാഭാവികമായോ ഒന്നുമില്ല. സംസ്ഥാനത്തിന്റെ പൊതു താല്പര്യവും ലോട്ടറി ടിക്കറ്റ് വില്പനക്കാരുടെ താല്പര്യവും സംരക്ഷിക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. ഈ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നത്. അതിനാൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യങ്ങളെല്ലാം വിശദീകരിക്കുകയും എന്നാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന അദ്ദേഹത്തിന്റെ നിലപാട് നിലനിർത്തുന്നതിനു വേണ്ടി അസ്വാഭാവികമായും അസാധാരണമായും ഈ അന്വേഷണം ആവശ്യപ്പെട്ടതിൽ ഒന്നുമില്ല എന്നുള്ള ഒരു പ്രസ്താവന ഇവിടെ നടത്തിയത് ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് അയച്ച കത്തിലെ ആദ്യ പാരഗ്രാഫ് ഞാൻ വായിക്കാം.

Dear Shri Chidambaramji,

Let me, first of all, convey my appreciation for your concerted efforts (through the National Investigating Agency and other Agencies) to seriously tackle the issues conncected with terrorists and the 'external' funding for these terrorist organizations, some of whom have direct links in the State of Kerala. I would also like to convey my appreciation for your efforts in identifying agencies and individuals-internal as well as external-who are indulging in `whitening' of such illegal 'black' money (Hawala, ISI and others) that is directly affecting the very economy of the country.

LIBRARY ARCHIVES Kerala Legislative Assembly

This communication is specifically on the issue of Lotteries being organized/promoted by States and sold in Kerala as allowed under the provisions of the Lotteries (Regulation) Act 1998.

കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട് അനർഹമായുണ്ടാക്കുന്ന പണം ഹവാല ഇടപാടിലൂടെയും, പാക്കിസ്ഥാൻ ചാരസംഘടനയായ ഐ.എസ്.ഐ. തുടങ്ങിയവയും ഉപയോഗിക്കുന്നുവെന്നാണ് മുഖ്യമന്ത്രി ഉന്നയിച്ച വളരെ ഗൗരവകരമായ ആരോപണം. ഈ പണം ഉപയോഗിക്കുന്ന പല തീവ്രവാദ സംഘടനകൾക്കും കേരളത്തിൽ വേരുകളുണ്ടെന്നുകൂടി മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് അയച്ച കത്തിൽ പറഞ്ഞിരിക്കുകയാണ്. ഇത് അസാധാരണമായ ഒരു കാര്യമല്ലേ. കേരളത്തിന്റെ മുഖ്യമന്ത്രി നമ്മളെപ്പോലെയല്ല. കേരളത്തിന്റെ മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് അയച്ച കത്തിൽ വെറുതെ ആരോപണങ്ങൾ ഉന്നയിക്കുകയില്ല. നമ്മളിൽ നിന്ന് വ്യത്യസ്തമായി മുഖ്യമന്ത്രിക്ക് പിറ സോഴ്സസ് ഓഫ് ഇൻഫർമേഷൻസുണ്ട്. അങ്ങനെ മുഖ്യമന്ത്രിക്ക് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്ത് അയച്ചിരിക്കുന്നത് എന്നാണ് കേരളത്തിലെ മുഴുവൻ ജനങ്ങളും വിശ്വസിച്ചിരിക്കുന്നത്. കഴിഞ്ഞ സഭാ സമ്മേളനത്തിൽ പ്രതിപക്ഷം ഇതുമായി ബന്ധപ്പെട്ട് ആരോപണം ഉന്നയിച്ചപ്പോൾ ഞങ്ങൾക്ക് അന്വേഷിക്കാൻ മനസ്സില്ല എന്ന ധിക്കാരപരമായ നിലപാടാണ് അന്ന് കേരളത്തിന്റെ ധനകാര്യമന്ത്രി സഭയിൽ സ്വീകരിച്ചത്. ആ നിലപാടിൽ നിന്ന് ഈ ഗവൺമെന്റ് മാറിയിരിക്കുന്നു. ലോട്ടറി ഇടപാടുമായി ബന്ധപ്പെട്ട വിഷയം മുഖ്യമന്ത്രിയുടെ കത്തോടുകൂടി സി.ബി.ഐ.യോ എൻ.ഐ.എ.യോ അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ടതോടുകൂടി ഞങ്ങൾ സഭയിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് പുതിയ മാനങ്ങൾ ഉണ്ടായിരിക്കുന്നു. ഒരു പാരഗ്രാഫ് കൂടി ഞാൻ വായിക്കാം.

In this context, I may also add that the possibility of the 'unclaimed prize money' being utilized for `whitening' black/external terrorist funding cannot be ruled out, considering the fact that the money involved in this racket is more than Rs.80,000 crores over the last four years..... according to the official figures. കഴിഞ്ഞ നാല് വർഷക്കാലമായി സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറിയിടപാടിലൂടെ 80,000 കോടി രൂപയുടെ തിരിമറികൾ നടന്നിരിക്കുന്നുവെന്ന് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് അയച്ച കത്തിൽ പറഞ്ഞിരിക്കുന്നു. അവസാന പാരഗ്രാഫിൽ അദ്ദേഹം ഇതെല്ലാം പറഞ്ഞിട്ട് പറഞ്ഞിരിക്കുന്നു. .....till such time as all the violations pointed out by the Government of Kerala are investigated into thoroughly the C.B.I./N.I.A. ഇതു സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം വേണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടപ്പോൾ അതിന് തയ്യാറല്ല എന്നുള്ള നിലപാടാണ് ഗവൺമെന്റ് ആദ്യം സ്വീകരിച്ചത്. ഇപ്പോൾ മുഖ്യമന്ത്രി ഞങ്ങൾ ആവശ്യപ്പെട്ടതിന്റെ അപ്പുറവും കടന്ന് സി.ബി.ഐ. മാത്രം പോര തീവ്രവാദ കേസ്സുകൾ അന്വേഷിക്കുന്ന നാഷണൽ ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസി കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഈ കേസുകളെക്കുറിച്ച് അന്വേഷണം നടത്തണം എന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ഇവിടെ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, പല കത്തുകളും ഇവിടെ നിന്ന് അയച്ചു. ആ കത്തുകളെല്ലാം പരിഗണനയിലിരിക്കുന്നുവെന്നുള്ള മറുപടിയാണ് കേന്ദ്രത്തിൽനിന്ന് ലഭിച്ചതെന്ന്. സെപ്റ്റംബർ 13-ാം തീയതി നടന്ന പൊതുസംവാദത്തിൽ ഞങ്ങൾ ഒരു കാര്യം ഉന്നയിച്ചിരുന്നു. ഞങ്ങൾ ഉന്നയിച്ചത് ഇതുവരെ. കേരള സർക്കാരുകൾ അയച്ച കത്തുകൾ ഒന്നും ഏപ്രിൽ മാസം ഇറങ്ങിയ 2010-ലെ ലോട്ടറി ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള കത്തുകളല്ല. ലോട്ടറി ചട്ടത്തിലെ റൂൾ (5) അനുസരിച്ചുള്ള പ്രത്യേകമായ ഫോർമാറ്റ് വഴി കത്തുകൾ അയച്ചാൽ മാത്രമേ കേന്ദ്ര ഗവൺമെന്റിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന്. സെപ്റ്റംബർ 13-ലെ പൊതു സംവാദത്തിനുശേഷമാണ് പൂർണ്ണമായല്ലെങ്കിൽക്കൂടി റൂൾ (5) അനുസരിച്ചുള്ള ഒരു കത്ത് സംസ്ഥാനത്ത് നിന്ന് കേന്ദ്രത്തിലേയ്ക്ക് അയച്ചത്. ആ കത്ത് കിട്ടിയ ഉടൻ തന്നെ മുഖ്യമന്ത്രി ഇവിടെ ഹാജരാക്കിയ രേഖകൾ പ്രകാരം ഒക്ടോബർ 26-ാം തീയതി ഭൂട്ടാൻ അംബാസിഡറേയും ആഭ്യന്തര മന്ത്രാലയത്തിലേയും വിദേശമന്ത്രാലയത്തിലേയും ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടി കേരള ഗവൺമെന്റ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ലോട്ടറി ഇടപാടുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവരുടെ മുമ്പിൽ ഭൂട്ടാൻ ഗവൺമെന്റിനെ അറിയിക്കാനുള്ള തീരുമാനം എടുത്തു. ഭൂട്ടാനും ഇന്ത്യയും നടത്തിയ ഒരു ഇന്റർനാഷണൽ എഗ്രിമെന്റിന്റെ ഭാഗമായിട്ടുള്ളതാണ് ഈ ലോട്ടറി കരാർ. ആ ലോട്ടറി നിരോധിക്കണമെങ്കിൽ ആ ഇന്റർനാഷണൽ കരാറിന്റെ ഭാഗമായിട്ടുള്ള ചില നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങളുമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിദേശ മന്ത്രാലയം വഴി ഭൂട്ടാൻ ഗവൺമെന്റുമായി ബന്ധപ്പെട്ടുവരുന്നു എന്നുതുടങ്ങി സകല കത്ത് ഇടപാടുകളും ഇവിടെ കൊടുത്തിട്ടുണ്ട്. അതിന്റെ മിനിറ്റ്സ് തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഹാജരാക്കിയിട്ടുണ്ട്. 2009 നവംബർ നാലാം തീയതി സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിലൂടെ ഈ ലോട്ടറികളെ നിയന്ത്രിക്കാനുള്ള സർവ്വ അധികാരങ്ങളും സുപ്രീംകോടതി സംസ്ഥാന സർക്കാരിന് നൽകി. റൂൾ പ്രകാരമുള്ള നിരവധി നടപടികൾ എടുക്കാനുള്ള അധികാരങ്ങൾ സംസ്ഥാന സർക്കാരിന് ഉണ്ട്. ഇപ്പോൾ കേരളത്തിൽ ഈ ലോട്ടറി നടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഇടപെട്ടിട്ടല്ല. സംസ്ഥാന ഗവൺമെന്റ് തന്നെ തങ്ങൾക്ക് ഇല്ലായെന്ന് പറയുന്ന അധികാരങ്ങൾ ഉപയോഗിക്കുന്നതിന് ഞങ്ങളുടെ സമ്മർദ്ദം മൂലമോ, പൊതുജനങ്ങളുടെ സമ്മർദ്ദം മൂലമോ നടപടികൾ സ്വീകരിച്ചപ്പോഴാണ് സംസ്ഥാനത്ത് ഇന്ന് ലോട്ടറി നടക്കാത്ത സാഹചര്യം ഉണ്ടായിരിക്കുന്നത്. സിബി മാത്യൂവിന്റെ നേതൃത്വത്തിൽ ഒരു അന്വേഷണത്തിന് പോലീസ് സെല്ലിനെ നിയോഗിച്ചിരിക്കുന്നു. ആ സെല്ലിലെ കേസുകളെല്ലാം അന്വേഷിച്ച് (36 കേസുകൾ) സാന്റിയാഗോ മാർട്ടിൻ എന്നു പറയുന്ന ലോട്ടറി മാഫിയ തലവനേയും ജോൺ കെന്നഡി എന്നു പറയുന്ന അദ്ദേഹത്തിന്റെ ഏജന്റിനേയും അറസ്റ്റ് ചെയ്യണമെന്ന് പോലീസ് ആവശ്യപ്പെട്ടിട്ടും അയാളെ അറസ്റ്റ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഇന്ന് തിരുവനന്തപുരത്തെ കോടതി ആരാഞ്ഞിരിക്കുന്നു, എന്തുകൊണ്ട് നിങ്ങൾ സാന്റിയാഗോ മാർട്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

അറസ്റ്റ് ചെയ്യുന്നില്ല ? എൺപതിനായിരം കോടി രൂപ കേരളത്തിൽ നിന്ന് കബളിപ്പിച്ചു കൊണ്ടുപോയ സാന്റിയാഗോ മാർട്ടിനേയും ജോൺ കെന്നഡിയേയും അറസ്റ്റ് ചെയ്യാൻ ഗവൺമെന്റിന്റെ മുന്നിൽ ആരാണ് തടസ്സമായി നിൽക്കുന്നതെന്ന് മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കണം. ഇവിടെ ഇപ്പോൾ പറയുന്നത് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചു എന്നാണ്. ആഭ്യന്തര മന്ത്രിക്കയച്ച കത്ത് improper-ആണ്. അത് പാർലമെന്റിൽ ആഭ്യന്തര വകുപ്പ് പറഞ്ഞു. സി.ബി.ഐ. എന്നുപറയുന്ന പേഴ്സണൽ വകുപ്പ് പ്രധാനമന്ത്രിയുടെ കീഴിലാണ്. ഇപ്പോൾ പ്രധാനമന്ത്രിക്കയച്ചിരിക്കുന്ന കത്ത് പ്രോപ്പർ ഫോമിലാണ്. അത് സി.ബി.ഐ. അന്വേഷണം നടത്താനുള്ള സംസ്ഥാന സർക്കാരിന്റെ അനുമതി ആയി കണക്കാക്കണം എന്നാണ് മുഖ്യമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത്. 1946-ലെ ഡൽഹി പോലീസ് സ്പെഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ 6-ാം വകുപ്പനുസരിച്ചുള്ള സംസ്ഥാനത്തിന്റെ അനുമതിയാണ് മുഖ്യമന്ത്രി ഇപ്പോൾ കൊടുത്തിരിക്കുന്നത്. 2008-ലെ ബാലകൃഷ്ണ റെഡ്ഡി വേഴ്സസ് ഡയറക്ടർ സി.ബി.ഐ. എന്ന കേസിൽ സുപ്രീംകോടതി ഈ നിലപാട് ശരിവച്ചിട്ടുണ്ട്. സിബി.ഐ. മാന്വൽ അനുസരിച്ചും ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രിക്ക് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാനുള്ള അധികാരമുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രിക്ക് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാനുള്ള അധികാരമില്ല, കാബിനറ്റ് തീരുമാനിച്ചിട്ടില്ല, പാർട്ടി തീരുമാനിച്ചിട്ടില്ല എന്നൊന്നും പറഞ്ഞാൽ സി.ബി.ഐ. അന്വേഷണം ഇല്ലാതാകില്ല. മുഖ്യമന്ത്രി ഇപ്പോൾ പ്രധാനമന്ത്രിക്ക് അയച്ചിരിക്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. അന്വേഷണം വേണമെന്നുതന്നെയാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കഴിഞ്ഞ നാലു വർഷക്കാലം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ലോട്ടറി വകുപ്പു കൈകാര്യം ചെയ്ത അവസരത്തിൽ എൺപതിനായിരം കോടി രൂപയുടെ തിരിമറി നടന്നുവെന്നും ആ പണം തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തി എന്നുമുള്ള ഗുരുതരമായ ആരോപണമാണ് കേരളത്തിന്റെ മുഖ്യമന്ത്രി ഉന്നയിച്ചിരിക്കുന്നത്. മുഖ്യമന്ത്രി മന്ത്രിസഭാ തലവനാണ്. തന്റെ കീഴിലുള്ള ഒരു മന്ത്രിയുടെ വകുപ്പിൽ നടന്ന ഇടപാടുകൾ കേന്ദ്ര കുറ്റാന്വേഷണ ഏജൻസിയായ സി.ബി.ഐ. അല്ലെങ്കിൽ എൻ.ഐ.എ. അന്വേഷിക്കണമെന്ന് മുഖ്യമന്ത്രി തന്നെ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ആത്മാഭിമാനമുണ്ടെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി രാജിവച്ച് ഇറങ്ങിപ്പോകണം. പാർലമെന്ററി പ്രാക്ടീസ് അനുസരിച്ചും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം അനുസരിച്ചും ഇന്ത്യൻ പാർലമെന്റിലും വിവിധ സംസ്ഥാനങ്ങളിലും ഇതിനു മുൻപ് നടന്നിരിക്കുന്ന ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രീസിഡൻസ് വച്ചു കൊണ്ടും ധനമന്ത്രി രാജിവയ്ക്കാൻ തയ്യാറായില്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രിയെ മുഖ്യമന്ത്രി മന്ത്രിസഭയിൽനിന്ന് പുറത്താക്കാൻ തയ്യാറാകണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. മുഖ്യമന്ത്രി ഉന്നയിച്ചിരിക്കുന്ന ഗുരുതരമായ ഈ ആരോപണത്തെക്കുറിച്ച് സി.ബി.ഐ.യോ എൻ.ഐ.എ.യോ അന്വേഷിക്കുമ്പോൾ അതിനുത്തരവാദിയായ ലോട്ടറി വകുപ്പ് നാല് വർഷക്കാലം കൈകാര്യം ചെയ്ത് കോടികൾ കേരളത്തിൽ നിന്ന് കവർച്ച ചെയ്യാൻ കൂട്ടുനിന്ന മന്ത്രി ആ സ്ഥാനത്ത് ഉണ്ടാകരുതെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. ഗുരുതരമായ ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഈ പ്രശ്നത്തിൽ ഒന്നാമത്തെ കുറ്റവാളി കേന്ദ്ര ഗവൺമെന്റാണ്. എന്തുകൊണ്ടാണ് അങ്ങനെ പറയാൻ കാരണമെന്നുവച്ചാൽ അന്യസംസ്ഥാന ലോട്ടറി ഇടപാടിൽ മാർട്ടിന്റേയും കൂട്ടരുടേയും നിയമവിരുദ്ധമായ നടപടികൾ ചൂണ്ടിക്കാണിച്ചു കൊണ്ട് ഇക്കഴിഞ്ഞ നാല് വർഷമായി കേന്ദ്രഗവൺമെന്റിന് കത്തയച്ചു കൊണ്ടിരിക്കുകയാണ്. ആ കത്തുകൾ പരിഗണനയിലാണ്, പരിഗണനയിലാണെന്ന് കേന്ദ്ര ഗവൺമെന്റ് പറയുമ്പോഴും മിസ്റ്റർ വി.ഡി. സതീശൻ വളരെ രോഷാകുലനായി എന്തുകൊണ്ട് മാർട്ടിനേയും കൂട്ടരേയും അറസ്റ്റ് ചെയ്യുന്നില്ലെന്ന് ചോദിച്ച ആ ചോദ്യം തിരിച്ച് ചോദിക്കേണ്ടത് സതീശൻ ചിദംബരത്തോടും അതുപോലെതന്നെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനോടുമാണ്. കാരണം ഞാൻ ഇതുസംബന്ധമായ വിശദമായ കത്ത് പ്രധാനമന്ത്രിക്ക് അയച്ചു കൊടുത്തിരിക്കുകയാണ്. അവരുടെ രണ്ട് പ്രധാനപ്പെട്ട ഉദ്യോഗസ്ഥർ റോയൽ ഗവൺമെന്റ് ഓഫ് ഭൂട്ടാന്റെ പ്രതിനിധികളുമായി ചർച്ച ചെയ്തപ്പോൾ നിയമവിരുദ്ധമായി അവർ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അക്കമിട്ട് നിരത്തി റോയൽ ഗവൺമെന്റ് ഓഫ് ഭൂട്ടാന്റെ പ്രതിനിധികളെ ബോധ്യപ്പെടുത്തി. ആ ബോധ്യപ്പെടുത്തിയ കാര്യങ്ങൾ ഞങ്ങൾക്ക് അയച്ചുതന്നപ്പോൾ കേന്ദ്ര ആഭ്യന്തരമന്ത്രി ശ്രീ. ചിദംബരത്തിന് ആഭ്യന്തരമന്ത്രി എന്നുള്ള നിലയിൽ ആ കത്തിന്റെ കോപ്പി വച്ചുകൊണ്ട് നിങ്ങൾക്കുതന്നെ ബോധ്യമായിട്ടുണ്ടല്ലോ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ, എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് നടപടിയെടുക്കുന്നില്ലെന്ന് ചോദിച്ചുകൊണ്ടാണ് ഞാൻ കത്തയച്ചത്. അങ്ങനെ ചിദംബരത്തിന് കത്തയയ്ക്കുമ്പോൾ തന്നെ എനിക്കറിയാം, ഇക്കഴിഞ്ഞ നാല് കൊല്ലത്തിനിടയിൽ ഞങ്ങൾ കൊടുത്തിട്ടുള്ള കേസുകളിൽ മാർട്ടിനുവേണ്ടി വാദിക്കാൻ വരുന്നത് അഡ്വക്കേറ്റ് നളിനി ചിദംബരമാണ്. .....(തടസ്സം)..... നളിനി ചിദംബരവും വരുന്നുണ്ട്, വാദിക്കുന്നുണ്ട്. അവരുടെ പേര് കേട്ടാൽ തന്നെ വക്കീലൻമാർ കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ വേണ്ടപ്പെട്ടവരാണെന്നോ മറ്റോ കരുതി അവർക്ക് വേണ്ടത്ര പരിഗണന കൊടുത്തുവരികയാണ്. കേരള ഗവൺമെന്റിന്റെ .....(തടസ്സം).....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് കേരളത്തിലെ മുഖ്യമന്ത്രിയാണ്. അങ്ങ് സഭയിൽ ഒരു കാര്യം പറയുമ്പോൾ അതിന്റെ സത്യമായിട്ടുള്ള വശങ്ങൾകൂടി മനസ്സിലാക്കണം. 2004-ലാണ് ശ്രീ. ചിദംബരം ധനകാര്യ വകുപ്പുമന്ത്രിയാകുന്നത്. 2008-ലാണ് അദ്ദേഹം ആഭ്യന്തര മന്ത്രിയാകുന്നത്. 2004-ന് ശേഷം അദ്ദേഹം കേന്ദ്രമന്ത്രിയായതിനുശേഷം ശ്രീമതി നളിനി ചിദംബരം ഈ കേസ് വാദിക്കാൻ കേരളത്തിൽ വന്നിട്ടേയില്ല. ആഭ്യന്തര മന്ത്രിയുടെ ഭാര്യ ഹാജരായി, അത് കേട്ടുനിന്നു എന്നൊക്കെ പറയുന്നത് വളരെ നിർഭാഗ്യകരമാണ്. അങ്ങ് അത് പരിശോധിക്കണം. പരിശോധിച്ചിട്ട് പറയണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അത് പരിശോധിക്കാം. യു.ഡി.എഫ്.ന്റെ കാലത്ത് നളിനി മാത്രമല്ല സാക്ഷാൽ ചിദംബരം തന്നെ ഈ കേസ് വാദിക്കാൻ വന്നിട്ടുണ്ടെന്നുള്ളകാര്യം എന്റെ സ്നേഹിതൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് ഒന്ന് പുറകോട്ട് ചിന്തിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയും. നിങ്ങൾ തമ്മിലുള്ള ഈ ബന്ധം ഞങ്ങൾക്ക് അറിയാവുന്നതുകൊണ്ട് ഈ നാല് കൊല്ലത്തേയും കേരളത്തിലെ എൺപതിനായിരത്തിൽപ്പരം കോടി രൂപയുടെ നഷ്ടത്തിന് ധനകാര്യ വകുപ്പു മന്ത്രി ഡോ. തോമസ് ഐസക് മാത്രമല്ല കേന്ദ്രത്തിലെ ചിദംബരവും ഇപ്പോൾ ഞാൻ അയച്ചിട്ടുള്ള കത്തിന് ഒരു പരിഗണനയും കിട്ടിയില്ലെങ്കിൽ പ്രധാനമന്ത്രിയും തന്നെയാണ് ഇതിനുത്തരവാദി എന്ന് തെളിയും. അതുകൊണ്ട് കേരളത്തിലെ ലോട്ടറി ഇടപാട് സംബന്ധിച്ച്, നികുതി വെട്ടിപ്പ് നടത്തി കേരളത്തിന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ നഷ്ടത്തെ സംബന്ധിച്ച് ഞങ്ങൾ ഇക്കാലമത്രയും ആ നഷ്ടം നികത്തുന്നതിനുവേണ്ടിയുള്ള പല പരിശ്രമങ്ങളും നടത്തി. കത്തുകളായ കത്തുകൾ അയച്ചു. കേന്ദ്രഗവൺമെന്റിനാണല്ലോ ഇത് നിരോധിക്കാനുള്ള അധികാരം എന്നുകരുതി ആത്മാർത്ഥമായി ഞങ്ങൾ ഒട്ടേറെ കത്തുകളയച്ചു. ഫലമില്ലെന്ന് വന്നുകഴിഞ്ഞപ്പോൾ കേന്ദ്ര നിയമത്തിന്റെ വകുപ്പ് പരതിപ്പരതി ഞങ്ങൾ അടുത്ത കാലത്ത് ഒരു ഓർഡിനൻസ് അംഗീകരിച്ചു. ആ ഓർഡിനൻസിൽ ലോട്ടറി നിയമത്തിലെ ചില വ്യവസ്ഥകൾ ഞങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അതെങ്ങനെ കേരളത്തിൽ നടപ്പിലാക്കാമെന്നുള്ളതിനെ സംബന്ധിച്ച് ആ ഓർഡിനൻസ് പാസ്സായതിനുശേഷം ഞങ്ങൾ ആലോചിച്ചു. കേന്ദ്ര നിയമത്തിലെ വകുപ്പ് 4-ൽ ഉപവകുപ്പ് 11 ചേർത്തിട്ടുള്ളതായിരുന്നു ആ ഭേദഗതി. ആ ഭേദഗതി എന്നു പറയുന്നത് നിലവിലുണ്ടായിരുന്ന അഞ്ച് ലക്ഷം എന്ന നികുതി പതിനഞ്ച് ലക്ഷമാക്കണമെന്നുള്ള മറ്റ് ഭേദഗതികളോടൊപ്പം ഇക്കാര്യങ്ങളും ഓർഡിനൻസിൽ കൊണ്ടുവന്നതിനുശേഷം ആ ഓർഡിനൻസ് നടപ്പിലാക്കുന്നതിനുവേണ്ടി ഞങ്ങൾ പോലീസ് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും അവർ തന്നെ നിയമവിരുദ്ധമായി കാണിച്ചുകൊണ്ടിരിക്കുന്ന നിലപാടുകൾ ചോദ്യം ചെയ്തുകൊണ്ട് റോയൽ ഗവൺമെന്റ് ഓഫ് ഭൂട്ടാൻ ലോട്ടറി ടിക്കറ്റടിക്കുമ്പോൾ നിയമപ്രകാരം അവിടത്തെ ഗവൺമെന്റ് പ്രസ്സിൽ വേണം ലോട്ടറി ടിക്കറ്റടിക്കാൻ എന്ന് പറയുകയും ചെയ്തിരുന്നു. അങ്ങനെ ലോട്ടറി ടിക്കറ്റ് അവർ അടിക്കാതെ നല്ല മനോഹരമായ ടിക്കറ്റ് തമിഴ്നാട്ടിൽ ശിവകാശിയിൽ കൊടുത്ത് അടിപ്പിച്ച് ലക്ഷക്കണക്കിന് കള്ള ടിക്കറ്റുകൾ ഈ തരത്തിൽ ശേഖരിച്ചുവച്ച് ഈ കൊള്ളയെല്ലാം നടത്തിയത് മാർട്ടിനും കൂട്ടരുമാണ്. അതെല്ലാം ഞങ്ങൾ ഓരോന്നോരോന്നായി ഇപ്പോൾ ചോദ്യംചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഈ കഴിഞ്ഞ മൂന്നുനാലു മാസമായി മാർട്ടിനും കൂട്ടർക്കും അവരുടെ ടിക്കറ്റ് വിൽപ്പന പഴയതുപോലെ നടത്താൻ കഴിയുന്നില്ല. അത് ഞങ്ങൾ കേന്ദ്ര ഗവൺമെന്റിന് അയച്ച കത്തിന്റെ പാർട്ടായിട്ടുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ലോട്ടറി നിയമത്തിലെ വകുപ്പുകൾ ചിലത് പ്രയോജനപ്പെടുത്താൻ കഴിയുമോ ഇല്ലയോ എന്ന് നോക്കി അത് പ്രയോജനപ്പെടുത്തിയതിന്റെ ഫലമായി കിട്ടിയ ഗുണമാണ്. അതിനെ മാത്രം നിങ്ങൾ നമ്പി ഈ കഴിഞ്ഞ നാല് കൊല്ലമായി മാർട്ടിനും കൂട്ടർക്കും കേരളത്തിലെ ജനങ്ങളുടെ നികുതി വെട്ടിക്കുന്നതിനുവേണ്ടി നിങ്ങൾ ചെയ്തുകൊടുത്ത സൗകര്യങ്ങൾ മറച്ചുവയ്ക്കരുത്. സ്പെക്ട്രം കാര്യത്തിൽ മിസ്റ്റർ സുബ്രഹ്മണ്യം അയച്ച കത്തിനെ പരിഗണിക്കാതിരുന്ന പ്രധാനമന്ത്രിക്ക് അവസാനം സുപ്രീം കോടതിയുടെ ഇടപെടലിനെ തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ചില പരിഗണനകൾ നൽകേണ്ടതായി വന്നതുപോലെതന്നെ നിങ്ങൾക്ക് എതിരെ ഞങ്ങൾ ഇതിനോടകം നടത്തിക്കൊണ്ടിരിക്കുന്ന നിരന്തരമായ സമരത്തിന്റേയും കത്തെഴുത്തിന്റേയും നിയമ ഭേദഗതികളുടെയുമെല്ലാം ഫലമായി ഇപ്പോഴൊരു സാവകാശമോ ഇപ്പോൾ അവരെയൊന്ന് കൂച്ചിക്കെട്ടാനോ കഴിഞ്ഞിട്ടുള്ളതിനെ മാത്രം പൊക്കിപ്പിടിച്ചുകൊണ്ട് നിങ്ങൾ സംസാരിക്കുകയാണ്. നിങ്ങളുടെ പാർട്ടിയാണ് കേന്ദ്രം ഭരിക്കുന്നത്. നാല് കൊല്ലമായി മാർട്ടിന് കോടികൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി കൂട്ടുനിന്ന ഒരു മന്ത്രിയാണ് കേന്ദ്ര ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നത് എന്ന് അറിയാമായിരുന്നിട്ടും ഞാൻ അദ്ദേഹത്തിന് എഴുതിയ കത്തിൽ 'ചിദംബർജി' എന്ന ബഹുമാനത്തോടുകൂടിയാണ് സംബോധന ചെയ്തിരിക്കുന്നത്. എന്റെ മാന്യ സ്നേഹിതൻ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഞാൻ നേരത്തെ നളിനിയെപ്പറ്റി സംസാരിച്ചപ്പോൾ ഒരു ബഹുമാനമില്ലാതെ പറഞ്ഞു എന്നുള്ള നിലയിൽ അദ്ദേഹം എന്നോട് ഇതേപ്പറ്റി ഓർമ്മിപ്പിക്കാൻവേണ്ടി പറഞ്ഞു ; നല്ല കാര്യം തന്നെ. പക്ഷേ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടീ, ഞാൻ അവരുടെയൊന്നും മാന്യത കുറച്ച് ഒരു കത്തും എഴുതിയിട്ടില്ല. പക്ഷേ ഇപ്പോൾ നിങ്ങൾ ഞങ്ങളെ ആരോപണത്തിന് വിധേയരാക്കി. കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദി ഈ ഗവൺമെന്റാണ്, ധനകാര്യമന്ത്രിയാണെന്ന് പറഞ്ഞ് അടിയന്തര പ്രമേയം കൊണ്ടുവന്ന്, അവസാനം നിങ്ങൾക്ക് ഒരു പണിയുണ്ടല്ലോ, അത് ചെയ്യുന്നതിനുവേണ്ടി ഇപ്പോൾ നിങ്ങൾ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഞാൻ എന്ത് പറഞ്ഞാലും നിങ്ങൾ നിങ്ങളുടെ ആ പണി നടത്തിക്കൊണ്ടേ പോകൂ. ഒന്നുകിൽ സഭ നടത്താൻ കഴിയാത്ത സ്ഥിതി നിങ്ങൾ സൃഷ്ടിക്കും, അല്ലെങ്കിൽ നിങ്ങളുടെ നേതാവായിട്ടുള്ള പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയെക്കൊണ്ട് അവസാനം എന്തെങ്കിലും പറയിപ്പിച്ചിട്ട് ഒരു പണി നിങ്ങൾ ചെയ്യും. ഇതാണ് നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്ത് സമയം കളയേണ്ട യാതൊരു ആവശ്യവുമില്ല. വസ്തുതകളെല്ലാം ഇതിനകം പുറത്തുവന്നിട്ടുണ്ട്. ആരാണ് ഇതിനെല്ലാം ഉത്തരവാദികളെന്ന് കൂടുതൽ കൂടുതൽ തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം ഉത്തരം പറയേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിനെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയൊരു പാഴ്ശ്രമത്തിന് എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. വി. ഡി. സതീശനും കൂട്ടരും തുനിഞ്ഞത്. അതൊന്നുംതന്നെ വിജയിക്കാൻ പോകുന്നില്ല, നിങ്ങൾ ഇതിനെല്ലാം ഉത്തരം പറയേണ്ടിവരുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല എന്നാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഞാൻ എന്തൊക്കെ പറയണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഗ്രഹിച്ചോ ആ കാര്യങ്ങളെല്ലാം ഞാൻ പറയും. കാരണം, എന്നെക്കൊണ്ട് അത് പറയിപ്പിക്കാൻവേണ്ടിയാണ് അവസാനം അങ്ങ് ചില കാര്യങ്ങൾ പറഞ്ഞതെന്ന് എനിക്ക് അറിയാം. അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇന്ന് ഭൂട്ടാന്റെയോ സിക്കിമിന്റേയോ ഒരു ടിക്കറ്റുപോലും ഇവിടെ വിൽക്കുന്നില്ല, ഒറ്റ ടിക്കറ്റു പോലും വിൽക്കുന്നില്ല. എന്താണ് കാരണം ? ഇവിടത്തെ ജനങ്ങൾക്ക് ലാഭവും കൈരളിക്ക് നഷ്ടവും. കൈരളിക്ക് ലൈവ് കൊടുക്കാൻ പറ്റുന്നില്ല. പക്ഷേ ഒറ്റ ടിക്കറ്റുപോലും കേരളത്തിൽ വിൽക്കുന്നില്ല. ഇത് കേന്ദ്ര ഗവൺമെന്റ് ഇടപെട്ടിട്ടല്ല. അങ്ങ് പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ ഞാൻ പറയാം. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഇതിൽ ഇടപെട്ടിട്ടില്ല. പക്ഷേ ഇവിടെ വിവാദമായതോടുകൂടി സംസ്ഥാന ഗവൺമെന്റ് എടുത്ത നടപടികൾ, ഞങ്ങൾ സമ്മതിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഒരു സംസ്ഥാന ഗവൺമെന്റിന്റെ മുന്നിലുള്ള ഏറ്റവും ഗൗരവതരമായ പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് കത്തുകളായ കത്തുകൾ നിരന്തരമായി അയച്ചാലും കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൻമാർ മാർട്ടിന്റെയും കൂട്ടരുടേയും നികുതി വെട്ടിപ്പിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് ആക്ഷേപം ഉന്നയിച്ചാലും യാതൊന്നും ചെയ്യാതിരിക്കുകയെന്നത് ഒരു മാന്യതയായിട്ടാണോ അങ്ങ് കരുതുന്നത് ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അല്ല. പക്ഷേ ഇന്ന് ഒരു ടിക്കറ്റ് പോലും ഇവിടെ വിൽക്കുന്നില്ല. എന്താണ് കാരണം ? നിങ്ങൾ ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസിന് എതിരെ മാർട്ടിൻ സ്റ്റേയ്ക്ക് പോയിട്ട് സ്റ്റേ കിട്ടിയിട്ടില്ല. അപ്പോൾ അതിന്റെ അർത്ഥം എന്താണ്? ഈ നാല് കൊല്ലക്കാലം ഈ ഓർഡിനൻസ് കൊണ്ടുവരാതിരുന്നതിന്റെ ഉത്തരവാദി ആരാണ് ? ശ്രീ. പി. ചിദംബരം ആണോ ? കേന്ദ്ര ഗവൺമെന്റാണോ ? നിങ്ങൾ ആ ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ ഞങ്ങൾ അതിനെ പൂർണ്ണമായും അനുകൂലിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ കേരള ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസിനെ അനുകൂലിച്ചുകൊണ്ടുള്ള അഫിഡവിറ്റ് കേന്ദ്ര ഗവൺമെന്റ് കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, കേന്ദ്രത്തെ കുറ്റപ്പെടുത്തുന്ന അങ്ങയുടെ ഗവൺമെന്റ് ധനകാര്യ വകുപ്പിൽനിന്ന് ഒന്നാമത്തെ ഹിയറിംഗിലാണ് സംസ്ഥാന ഗവൺമെന്റിന്റെ അഫിഡവിറ്റ് കൊടുക്കുന്നത് ; രണ്ടുമാസം കഴിഞ്ഞിട്ട്. നിങ്ങൾ അന്വേഷിക്കാമോ ? നിങ്ങൾ കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നു. എന്തായിരുന്നു ഇവർ കൊടുത്തത് ? കേന്ദ്ര നിയമത്തിന്റെ മേലുള്ള കടന്നുകയറ്റമാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തിരിക്കുന്നത്. ഇതാണ് സാന്റിയാഗോ മാർട്ടിന്റെ വാദം. കേന്ദ്ര ഗവൺമെന്റ് പറഞ്ഞു, സംസ്ഥാന ഗവൺമെന്റിന്റെ ഓർഡിനൻസ് നിയമപ്രകാരമാണ്, നിയമത്തിന്റെ ഉള്ളിലാണ്. കേന്ദ്ര നിയമവും കേന്ദ്ര ചട്ടവും നടപ്പിലാക്കുന്നതിനു വേണ്ടിയുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ ഓർഡിനൻസ് എന്നുപറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ഒരാഴ്ചയ്ക്കുള്ളിൽ അവർ അഫിഡവിറ്റ് കൊടുത്തു. സ്വന്തം ഗവൺമെന്റിൽനിന്ന്, ധനകാര്യ വകുപ്പിൽനിന്ന് ഒമ്പതാമത്തെ ഫിയറിംഗിലാണ് ഇതിനെതിരായ അഫിഡവിറ്റ് കൊടുത്തതെന്ന് പറഞ്ഞാൽ അതിന് കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയാണോ വേണ്ടത്? ഞാൻ ചോദിക്കുകയാണ്. ഇത് നാലു കൊല്ലം മുമ്പ് എടുക്കേണ്ട നടപടിയായിരുന്നു. അങ്ങ് പറഞ്ഞു, ... (ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ...(ബഹളം) .....

മി. സ്പീക്കർ : ശ്രീ. ആനത്തലവട്ടം ആനന്ദൻ.....പ്ലീസ്.....

ശ്രീ. ഉമ്മൻചാണ്ടി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറഞ്ഞു കേന്ദ്രത്തിന് പല കത്തുകൾ അയച്ചിട്ട് ഒരു നടപടിയുമെടുത്തിട്ടില്ല എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങൊന്ന് ഫയൽ എടുത്ത് പരിശോധിക്കുക. നിങ്ങൾ വന്ന് സിബി മാത്യുവിനെക്കൊണ്ട് ഒരു അന്വേഷണം നടത്തി. 2006 ഒക്ടോബർ മാസത്തിൽ സിബി മാത്യുവിന്റെ റിപ്പോർട്ട് കിട്ടി. ആ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുത്തിട്ടില്ലെന്ന് ഞാൻ പറഞ്ഞാൽ .....(തടസ്സം)..... എന്നാണ് അയച്ചുകൊടുക്കുന്നതെന്നറിയാമോ ? സെപ്റ്റംബർ മാസം 18-ാം തീയതി ; ഈ വർഷം. 2006 ഒക്ടോബർ മാസത്തിൽ സിബി മാത്യു ഭൂട്ടാൻ ലോട്ടറിയുടെ, സിക്കിം ലോട്ടറിയുടെ ക്രമക്കേടുകൾ, നിയമലംഘനങ്ങൾ സംബന്ധിച്ച് 1,2,3,4 എന്ന് പറഞ്ഞ് എഴുതി നിങ്ങൾക്ക് തന്നിട്ട്, നിങ്ങൾ അയയ്ക്കുന്ന കത്തിന്റെകൂടെ ആദ്യം അയയ്ക്കേണ്ടത് ആ റിപ്പോർട്ടല്ലേ ? ഞങ്ങൾ ഇങ്ങനെ ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. അദ്ദേഹം തന്നിരിക്കുന്ന റിപ്പോർട്ടിന്റെ കോപ്പി ഇതോടൊപ്പം ഉണ്ട് എന്നല്ലേ വേണ്ടത്. ആ റിപ്പോർട്ട് അയയ്ക്കുന്നത് 4 കൊല്ലം കഴിഞ്ഞ്, 2010 സെപ്റ്റംബർ 18-നാണ്. സെപ്റ്റംബർ 18-ന് കിട്ടിയ കത്തിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 27-ന് കേന്ദ്ര ആഭ്യന്തരവകുപ്പ് ഭൂട്ടാൻ അംബാസിഡറെ വിളിച്ചുവരുത്തി സംസ്ഥാന ഗവൺമെന്റിന്റെ ആശങ്ക അവരെ അറിയിച്ചു. ഇന്നയിന്ന കാര്യങ്ങളിൽ നിങ്ങളുടെ ലോട്ടറി നിയമലംഘനം നടത്തുന്നുവെന്ന് പറഞ്ഞു. കേന്ദ്രഗവൺമെന്റാണോ ഇതിനകത്തെ പ്രതി ? കേന്ദ്രഗവൺമെന്റാണോ പ്രതി ? നാല് കൊല്ലം ..... (തടസ്സം).....

10.00 A.M]

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, 2001 മുതൽ 2006 വരെ ഭരണത്തിലിരുന്ന, ഭരണത്തിൽ ആദ്യം ബഹുമാനപ്പെട്ട എ. കെ. ആന്റണിയായിരുന്നുവെങ്കിലും അദ്ദേഹത്തെ പുകച്ചുപുറത്തുചാടിക്കുകയോ അല്ലെങ്കിൽ സൗഹൃദമായി അദ്ദേഹം രാജിവച്ച് നിങ്ങളെ മുഖ്യമന്ത്രിയാക്കുകയോ ചെയ്തതിനുശേഷം അപ്പുറത്ത് ഇരുന്നുകൊണ്ട് ഈ നിയമവിരുദ്ധമായ ലോട്ടറിക്കെതിരായി എത്രയെത്ര പ്രസംഗങ്ങൾ, എത്രയെത്ര ആക്ഷേപങ്ങൾ ഞാനും എന്റെ കൂട്ടുകാരായി ഇപ്പോൾ എന്റെകൂടെയിരിക്കുന്ന ആളുകളുംകൂടി നിങ്ങളോട് യുദ്ധം ചെയ്തതാണ്. വല്ല കാര്യവും നടത്തിയോ ? ഒരു ചെറുവിരലെങ്കിലും നിങ്ങൾ അനക്കിയിട്ടില്ലെന്ന യാഥാർത്ഥ്യം എനിക്കറിയാം. അന്നും ഈ ചിദംബരവും കൂട്ടരും മാർട്ടിനും കൂട്ടർക്കുംവേണ്ടി വന്ന് വാദിച്ച മാന്യന്മാരാണ്. അവരെപ്പറ്റി എനിക്ക് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ആശങ്കയുമില്ല. അവർ മാർട്ടിൻ തട്ടിക്കൊണ്ടുപോകുന്ന പണത്തിൽനിന്ന് ഒരു വക്കീൽ ഫീസെന്ന നിലയിലായിരിക്കുമെങ്കിലും കാര്യങ്ങൾ വാങ്ങി അത്തരത്തിലുള്ള സൗഹൃദബന്ധം പുലർത്തുന്നവരാണ്. ആ കാര്യങ്ങളെല്ലാം ഞങ്ങൾക്ക് നേരിട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ അറിയാവുന്നതായതുകൊണ്ട് ഞങ്ങളോട് ഈ തരത്തിൽ സംസാരിക്കുന്നത് ശരിയാണോയെന്ന് അങ്ങൊന്ന് ആലോചിക്കണമെന്നുമാത്രമേ എനിക്ക് വിനീതമായി പറയാനുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇങ്ങനെയൊക്കെ അങ്ങ് പറയുന്നത് ശരിയാണോയെന്ന് ഇവിടെ വേറെ ചിലരുടെ മനസ്സിൽ ചോദ്യം വരുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് .....(തടസ്സം)....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ...(തടസ്സം)....

മി. സ്പീക്കർ : .....പ്ലീസ്...പ്ലീസ്....ശ്രീ. ആനത്തലവട്ടം ആനന്ദൻ.....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, മുഖ്യമന്ത്രി ചോദിച്ചതിന് മറുപടി പറഞ്ഞോട്ടെ. .....(തടസ്സം).... അത് കഴിഞ്ഞ് ഇരിക്കാം.

മി. സ്പീക്കർ : യെസ്....

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഓൺലൈൻ ലോട്ടറി അന്ന് നിരോധിച്ചു. അങ്ങേയ്ക്കറിയാമല്ലോ. അവിടെയിരിക്കുന്ന ആരെക്കാളും കൂടുതൽ അങ്ങേയ്ക്കറിയാം. ഓൺലൈൻ ലോട്ടറി നിരോധിച്ചു. പേപ്പർ ലോട്ടറി സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുമ്പോൾ നിയമവിരുദ്ധമായി അവർക്കെതിരെ നടപടികളെടുക്കാൻ പറ്റില്ലെന്നുപറഞ്ഞപ്പോൾ വൈമനസ്യത്തോടുകൂടിയാണെങ്കിലും കേരളാ ഗവൺമെന്റിന്റെ ലോട്ടറിപോലും തൽക്കാലത്തേയ്ക്ക് ഞങ്ങൾ നിരോധിച്ചു. എന്നിട്ട് പേപ്പർ ലോട്ടറീസ് ആക്ട് കൊണ്ടുവന്ന് അവർക്ക് നിയന്ത്രണങ്ങളേർപ്പെടുത്തിയതിനുശേഷമാണ് സംസ്ഥാന ലോട്ടറി വീണ്ടും ആരംഭിച്ചത്. ലോട്ടറിക്കെതിരായി ഒരു വിട്ടുവീഴ്ചയുമില്ലാത്തൊരു നിലപാട് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചു. അതാണ്....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ചീഫ് സെക്രട്ടറിയും അതുപോലെതന്നെ ഡി.ജി.പി.യും പോയി സുപ്രീം കോടതിയിൽ കുനിട്ടുനിൽക്കത്തക്കതരത്തിലുള്ള ഒരു സ്ഥിതിയുണ്ടാക്കിയത് നമുക്കറിയാം. പോലീസ് എടുത്ത കേസ്സിന്റെ ഫലമായിട്ട് സുപ്രീം കോടതിയിൽ അന്ന് മാർട്ടിനും കൂട്ടരുമെല്ലാം തന്നെ നടത്തിയ വാദത്തെ അംഗീകരിച്ചുകൊണ്ട് കേരള ഗവൺമെന്റിന്റെ ഉദ്യോഗസ്ഥന്മാരെ കുമ്പിട്ടുനിർത്തിച്ചപ്പോൾ അത് ശരിയല്ല എന്ന് പറഞ്ഞുകൊണ്ട് അതിനെതിരായി ഞങ്ങൾ ഇവിടെ നിയമവിരുദ്ധമായി നടത്തിക്കൊണ്ടിരിക്കുന്ന ലോട്ടറിയുടെ കാര്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടാണ് കേസ് എടുത്തിട്ടുള്ളതും. അതുകൊണ്ട് ഞങ്ങളുടെ ചീഫ് സെക്രട്ടറിയേയും ഞങ്ങളുടെ ഡി.ജി.പി.യേയും ഈ തരത്തിൽ നിർത്തുന്നത് ശരിയല്ലായെന്ന് പറയുന്നതിന് നിങ്ങൾ തുനിഞ്ഞിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അനുഭവങ്ങൾ വച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്. ഒരു കാര്യവും നിങ്ങൾ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ നടപടികളുമെടുത്തു. അതുകൊണ്ടാണ് അവരോട് ചോദിച്ചത്. ചീഫ് സെക്രട്ടറിയോടും ഡി.ജി.പി.യോടും ചോദിച്ചു, നിങ്ങൾ അകത്തോട്ട് പോകുന്നോ അതോ ഞങ്ങൾ പറയുന്നത് കേൾക്കുന്നോ? അവർക്ക് നിവൃത്തിയില്ലാതെ വന്നപ്പോൾ സുപ്രീം കോടതി പറഞ്ഞത് കേട്ടു. അടുത്ത ദിവസം ഓൺലൈൻ ലോട്ടറി നിരോധിക്കുകയും സംസ്ഥാന പേപ്പർ ലോട്ടറി, ഗവൺമെന്റിന്റെ ലോട്ടറി പോലും നിർത്തിക്കൊണ്ട് അവരെ നിലയ്ക്കു നിർത്തുന്നതിനുള്ള നടപടികളുമായിട്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് പോയത്. ലോട്ടറി നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ ഒരു ഭവിഷ്യത്താണ്, ആപത്താണ് എന്ന് മനസ്സിലാക്കിക്കൊണ്ടാണ് അന്ന് പ്രവർത്തിച്ചത്. സർ, രണ്ടുമൂന്ന് കാര്യങ്ങൾ അങ്ങൊന്ന് പരിശോധിച്ചാൽ മതി. സിബി മാത്യുവിന്റെ റിപ്പോർട്ട് 2010 സെപ്റ്റംബർ 18 വരെ കേന്ദ്രത്തിൽ എത്തിച്ചുകൊടുക്കുന്നതിന് എന്തുകൊണ്ട് കാലതാമസം വരുത്തിയെന്ന് അങ്ങൊന്ന് പരിശോധിക്കണം. .....(തടസ്സം).....

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, വസ്തുതാപരമായൊരു കാര്യമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അങ്ങിപ്പോഴും പറയുന്നത് 2010 വരെ സിബിമാത്യുവിന്റെ റിപ്പോർട്ട് എത്തിച്ചുകൊടുത്തിട്ടില്ലെന്നല്ലേ ? 2006-ൽ തന്നെ സിബി മാത്യുവിന്റെ റിപ്പോർട്ട് എത്തിച്ചുകൊടുത്തുവെന്ന് തെളിഞ്ഞാൽ അങ്ങ് പറഞ്ഞത് പിൻവലിച്ച് മാപ്പ് പറയുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഏതാണ് ?

ശ്രീ. എം. വിജയകുമാർ : സർ, 2006-ൽതന്നെ സിബി മാത്യുവിന്റെ റിപ്പോർട്ട് എത്തിച്ചുകൊടുത്തുവെന്ന് അങ്ങേയ്ക്ക് ബോദ്ധ്യമായാൽ അങ്ങ് പിൻവലിച്ച് മാപ്പ് പറയുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പിന്നെയെന്താണ് ? ഞാൻ വീണ്ടും ആവർത്തിക്കുന്നു. 2006-ലെ സിബി മാത്യുവിന്റെ റിപ്പോർട്ട് അതേപടി അവിടെ എത്തിച്ചുകൊടുത്തിട്ടില്ലായെന്ന് ഞാൻ വീണ്ടും ആവർത്തിക്കുന്നു.

ശ്രീ. എം. വിജയകുമാർ : സർ, 2006-ലെ സിബി മാത്യുവിന്റെ റിപ്പോർട്ട് എത്തിച്ചുകൊടുത്തുവെന്ന് തെളിയിക്കാം ; മാപ്പ് പറയുമോ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്...യെസ്...

ശ്രീ. ഉമ്മൻ ചാണ്ടി : സർ, തെളിയിക്കൂ. ഞാനിപ്പോഴും പറയുന്നു .....(തടസ്സം) ശ്രീ. എം. വിജയകുമാർ, ഈ സഭയിൽ പറഞ്ഞിരിക്കുകയാണ്. സിബി മാത്യുവിന്റെ ഫുൾ റിപ്പോർട്ട് 2006-ൽ ...(തടസ്സം).....ഞാൻ പറഞ്ഞല്ലോ. പറഞ്ഞു.

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞല്ലോ. .....(തടസ്സം).....പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ വിജയകുമാറിന്റെ വെല്ലുവിളി സ്വീകരിച്ചിരിക്കുന്നു. 2010 സെപ്റ്റംബർ മാസം 18-ാം തീയതി ശ്രീ. വി. സതീശനുമായിട്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ സംവാദത്തിനുശേഷമാണ് സിബി മാത്യൂവിന്റെ റിപ്പോർട്ട് അതേപടി അവിടെ എത്തിച്ചുകൊടുത്തതെന്ന് ഞാൻ ഇവിടെ പറയുന്നു. ഇതുമാത്രമല്ല, ഈ സഭയിൽ ഞാൻ പറയുന്ന ഏത് കാര്യവും വസ്തുതാപരമല്ലെന്ന് പറഞ്ഞാൽ ഞാൻ അത് തുറന്ന് സമ്മതിക്കാനും മാപ്പ് ചോദിക്കാനും തയ്യാറാണ്.

ശ്രീ. കെ. എം. മാണി : സർ, അങ്ങനെയാണെങ്കിൽ ശ്രീ. എം. വിജയകുമാർ രാജി വയ്ക്കാൻ തയ്യാറാകുമോ, മാപ്പുപറയാൻ തയ്യാറാണോ? (.....ബഹളം .....)

ശ്രീ. എം. വിജയകുമാർ : സർ, പ്രതിപക്ഷ നേതാവ് രാജി വയ്ക്കുകയാണെങ്കിൽ ഞാൻ മാപ്പ് പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, എനിക്കെന്റെ കാര്യമേ പറയാൻ ശക്തിയുള്ളൂ. ഞാൻ പറഞ്ഞ കാര്യത്തിൽ തെറ്റുണ്ടെങ്കിൽ പരസ്യമായി പറയാനും ഏറ്റുപറയാനും .....

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൂടി അറിയുന്നതിനുവേണ്ടിയാണ്. ഇപ്പോൾ കുറച്ച് മാസമായി കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ, അന്യരാജ്യ ലോട്ടറികൾ പ്രവർത്തിക്കുന്നില്ല. അത് ഇപ്പോൾ കൊണ്ടുവന്ന ഓർഡിനൻസിന്റെ അടിസ്ഥാനത്തിലാണ്. 2005 ഫെബ്രുവരി മാസം 10-ാം തീയതി സുപ്രീംകോടതിയിൽ അന്നത്തെ ഡി.ജി.പി. നോർമിസ് തരകൻ ഒരു അഫിഡവിറ്റ് കൊടുത്തതായി കാണുന്നുണ്ട്. ആ അഫിഡവിറ്റിൽ അദ്ദേഹം പറയുന്നത് ഈ നിയമം ലംഘിച്ചുകൊണ്ട് ഇവിടെ എടുത്തിരിക്കുന്ന എല്ലാ കേസുകളും പിൻവലിക്കാം. സീസ് ചെയ്തത് എല്ലാം വിട്ടുകൊടുക്കാം. അവരുടെ സ്ഥലത്ത് ഇനി ഒരു റെയ്ഡും നടത്തില്ല. എല്ലാ നടപടിയും ഞങ്ങൾ അവസാനിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞ് അഫിഡവിറ്റ് കൊടുത്തത് സംസ്ഥാന മുഖ്യമന്ത്രിയോട് ചോദിക്കാതെ ആയിരുന്നോ ? അങ്ങനെ ഒരു പ്രതിസന്ധി വന്ന സന്ദർഭത്തിൽ കോടതി അലക്ഷ്യ നടപടിയിൽനിന്നും രക്ഷപ്പെടുത്താൻ ഇന്ന് സംസ്ഥാന ഗവൺമെന്റ് ചെയ്തതുപോലെ കേന്ദ്രവും സംസ്ഥാനവും ഒരേ പാർട്ടി ഭരിക്കുന്ന നിങ്ങളുടെ കാലത്ത് അങ്ങനെ ഒരു ഇടപെടൽ എന്തുകൊണ്ട് നടത്താൻ സാധിച്ചില്ല ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അത് കോടതി ചീഫ് സെക്രട്ടറിയോടും ഡിജിപിയോടും ചോദിച്ചത് നിങ്ങൾ അകത്തോട്ട് പോകുന്നോ അതോ ഇത് അംഗീകരിക്കുന്നോ എന്നാണ്. ..... (ബഹളം)..... അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയാണല്ലോ, അന്വേഷിക്കൂ. അന്ന് ചെയ്ത നടപടി എന്താണ് ? സുപ്രീംകോടതിയിൽ അവർ കൊടുത്ത അഫിഡവിറ്റ് അനുസരിച്ചുള്ള ഒരു നടപടിയും സംസ്ഥാന ഗവൺമെന്റ് ചെയ്തില്ല. അത് ചെയ്യാതിരിക്കാൻ വേണ്ടിയാണ് സ്റ്റേറ്റ് ലോട്ടറി അടക്കമുള്ള ലോട്ടറികൾ നിരോധിച്ചുകൊണ്ട് അവരെ നിർവ്വീര്യമാക്കി നിർത്തിയത്. അതെന്താണ് പറയാഞ്ഞത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അന്ന് സ്റ്റേറ്റ് ലോട്ടറി ഉൾപ്പെടെ നിരോധിച്ചുകൊണ്ടുള്ള നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. അതിന് പകരം ഇന്ന് ഞങ്ങൾ ചെയ്തിരിക്കുന്നത് സ്റ്റേറ്റ് ലോട്ടറി നിലനിർത്തിക്കൊണ്ട് അന്യ സംസ്ഥാന ലോട്ടറി തടഞ്ഞുകൊണ്ടുള്ളതാണ്. അങ്ങനെ നിയമം കൊണ്ടു വരാൻ കേന്ദ്രവും സംസ്ഥാനവും ഒന്നിച്ചു ഭരിക്കുന്ന കാലത്ത് നിങ്ങൾക്ക് എന്തുകൊണ്ട് സാധിച്ചില്ല ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അന്ന് കേന്ദ്ര ലോട്ടറി നിയമം മാത്രമേ വന്നുള്ളു. ഇപ്പോൾ ലോട്ടറി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള റൂൾസും വന്നിട്ടുണ്ട്. അത് അങ്ങേയ്ക്കറിയാമല്ലോ. ആ റൂൾസിന്റെ അടിസ്ഥാനത്തിൽ ഇന്ന് നമുക്ക് ആക്റ്റ് ചെയ്യുന്നതിന് പല വ്യവസ്ഥകളുണ്ട്.

ശ്രീ. എം. വിജയകുമാർ : സർ, ഇത് സംസ്ഥാനം നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്ന കാര്യമാണ്. 2004 മുതൽ ആവശ്യപ്പെട്ടിട്ട് റൂൾസ് ഇറക്കിയത് 2010-ലാണ്. എന്തുകൊണ്ട് ആറുവർഷക്കാലം താമസിപ്പിച്ചു ? എന്തുകൊണ്ട് താമസിച്ചു ?..... .....(ബഹളം)

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അന്ന് റൂൾസ് ഇല്ല. റൂൾസ് വന്നതുകൊണ്ട് ഇന്ന് അതിനുള്ള നടപടിയെടുക്കാൻ പറ്റി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു, ഇവിടെ മേഘ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ഓഫീസ് കത്തി. ആഭ്യന്തര മന്ത്രിക്ക് മറുപടി പറയാൻ പറ്റുമോ, നിങ്ങൾക്ക് നാണമില്ലേ ഇത്രയും ദിവസമായിട്ട് ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ സാധിച്ചില്ല. അത് കത്തിച്ചതാണെന്ന് പോലീസിന്റെ പോലും ഇൻഫർമേഷൻ ഉണ്ട്. തെളിവ് നശിപ്പിക്കാൻ വേണ്ടി ചെയ്തതാണെന്നാണ് എല്ലാവരും അംഗീകരിച്ചിരിക്കുന്ന വസ്തുത. എന്തുകൊണ്ടാണ് ആ തെളിവ് നശിപ്പിക്കുന്നതുകൊണ്ട് നേട്ടമുണ്ടാക്കാൻ സാധ്യതയുള്ളവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യാൻ ഇന്നുവരെ നിങ്ങൾക്ക് സാധിക്കാത്തത് ? ആരെ സഹായിക്കാൻ വേണ്ടിയാണ് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അത് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കേസ് വാദിക്കാൻ വന്ന അഭിഷേക് സിങ്‌വിയോട് ചോദിച്ചാൽ അദ്ദേഹം പറഞ്ഞുതരും.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഉത്തരം മുട്ടുമ്പോൾ എന്തെങ്കിലും പറഞ്ഞ് രക്ഷപ്പെടാൻ നോക്കരുത്. അങ്ങ് ആഭ്യന്തര വകുപ്പിന്റെ ചാർജ് വഹിക്കുകയാണ്. ഇവിടെ ലോട്ടറി കേസ്സിൽ തെളിവുകൾ നശിപ്പിക്കാൻ എന്ന് പരക്കെ വിശ്വസിക്കുന്ന ഒരു തീവയ്പ് കേസ് ഉണ്ടായിട്ട് ആ തെളിവ് നശിപ്പിക്കുന്നതുകൊണ്ട് നേട്ടമുണ്ടാക്കാൻ സാധ്യതയുള്ളവരെ അറസ്റ്റ് ചെയ്ത് നടപടിയെടുക്കാൻ സാധിക്കാത്തതിൽ നാണമില്ലേ ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, മാർട്ടിന്റെയും കൂട്ടരുടെയും കേസ് മറച്ചുവയ്ക്കാൻവേണ്ടി അവർ തന്നെ ഇത് ചെയ്തതാണെന്ന് തെളിയുകയും അവർക്കെതിരെ ഗവൺമെന്റ് കേസ് എടുക്കുകയും ചെയ്തിരിക്കുകയാണ്. കൂടുതൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, മുഖ്യമന്ത്രി കുറച്ചുകൂടി പറഞ്ഞുതന്നു. എന്തുകൊണ്ടാണ് ഇതുവരെ ഒരാളെപ്പോലും അറസ്റ്റുചെയ്യാതിരുന്നത് ? മുഖ്യന്ത്രി പറഞ്ഞു പ്രതികളാരാണ്, അവരുടെ ഉദ്ദേശമെന്താണെന്നുള്ളത് ബോധ്യപ്പെട്ടു, തെളിഞ്ഞു എന്ന്. എങ്കിൽ എന്തുകൊണ്ടാണ് ഇതുവരെ ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ സാധിക്കാത്തത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, മാർട്ടിനേയും കൂട്ടരേയുമൊന്നും അറസ്റ്റ് ചെയ്യാൻ ഇന്നത്തെ നിയമം അനുസരിച്ച് കഴിയില്ല. അതിന് സുപ്രീംകോടതിയിൽ കൊടുത്ത് അതിനുള്ള അനുവാദം വാങ്ങിയാൽ മാത്രമേ അറസ്റ്റ് നടക്കുകയുള്ളു. ഇത്രയും കാലം ഭരണത്തിലിരുന്ന ആളല്ലേ, നിങ്ങൾക്കറിഞ്ഞുകൂടേ നിലവിലുള്ള നിയമം ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, എനിക്കറിയില്ല. എനിക്ക് പുതിയതായി കിട്ടിയ ഒരു അറിവാണ്. ഈ നാട്ടിൽ തീവയ്പ് നടത്തിയാൽപോലും ആ കേസ്സിൽ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് സുപ്രീംകോടതിയുടെ അനുമതി വേണമെന്ന്. ഒരു തീവയ്പ് കേസ്സിൽ ആരാണ് തീ വച്ചതെന്ന് അറിഞ്ഞെന്ന് അങ്ങ് പറഞ്ഞിട്ട് നാളുകൾ കഴിഞ്ഞിട്ടും ഒരു പ്രതിയെപ്പോലും അറസ്റ്റ് ചെയ്യാൻ സാധിച്ചില്ല എന്നു പറഞ്ഞാൽ എന്താണ് ? തീവയ്പ് കേസിൽ പ്രതിയെ അറസ്റ്റ് ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ല. മുഖ്യമന്ത്രി ഇപ്പോൾ പറയുന്നത് പ്രതിയെ അറിയാം, പ്രതിയുടെ ഉദ്ദേശം അറിയാം എന്നിട്ട് അറസ്റ്റ് ചെയ്തിട്ടില്ല എന്ന് പറയുന്നത് ഗുരുതരമാണ്. അതുപോലെതന്നെ ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇപ്പോഴത്തെ നിയമം അനുസരിച്ച് അവരെ അറസ്റ്റ് ചെയ്യാനോ കസ്റ്റഡിയിൽ എടുക്കാനോ കേരള ഗവൺമെന്റിന് അധികാരമില്ല. അതേസമയംതന്നെ അത് ഒരു പ്രത്യേക കേസ്സായി എടുക്കാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, തീവയ്പ് കേസ് പ്രത്യേക കേസ്സല്ലേ ? അത് ലോട്ടറി കേസ്സുമായി ബന്ധപ്പെടുമോ ? തീവയ്പ് കേസ്സാണ്, അത് ലോട്ടറിയുമായി ബന്ധമൊന്നുമില്ല. അറസ്റ്റ് ചെയ്യണമെന്നുണ്ടായിരുന്നെങ്കിൽ ദിവസങ്ങൾക്കുള്ളിൽ ചെയ്യാമായിരുന്നു ; ചെയ്തില്ല. ശ്രീ. സിബി മാത്യു അന്വേഷിച്ച് സാന്റിയാഗോ മാർട്ടിനെതിരെയുള്ള കുറ്റങ്ങളെല്ലാം കണ്ടുപിടിച്ചു. എന്തുകൊണ്ടാണ് അയാളെ അറസ്റ്റ് ചെയ്യാത്തത് ? എന്തുകൊണ്ടാണ് അദ്ദേഹത്തിനെതിരെ ഒരു അറസ്റ്റ് വാറണ്ടുപോലും പുറപ്പെടുവിക്കാൻ തയ്യാറാകാത്തത് ? അദ്ദേഹത്തെ കണ്ടില്ല, കേട്ടില്ല എന്നൊക്കെ പറഞ്ഞാൽ മനസ്സിലാക്കാം. ഒരു അറസ്റ്റ് വാറണ്ടുപോലും പുറപ്പെടുവിക്കാൻ തയ്യാറാകുന്നില്ല എന്നുള്ളതും മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ തീവയ്പ് കേസ്സിൽ പ്രതികളെ അറിഞ്ഞിട്ടും അറസ്റ്റ് ചെയ്യുന്നില്ല എന്നുള്ളതും ഈ ഗവൺമെന്റ് പ്രകടമായി അന്യസംസ്ഥാന ലോട്ടറികളെ, സാന്റിയാഗോ മാർട്ടിനെയും കൂട്ടരെയും സഹായിക്കാൻ വേണ്ടി നിൽക്കുന്നു എന്നുള്ളതിന് വ്യക്തമായ തെളിവാണ്. അങ്ങ് അയച്ച കത്തിൽ ദിവസം 52 കോടി രൂപയാണ് കേരളത്തിലെ ജനങ്ങളെ തട്ടിച്ചുകൊണ്ടിരുന്നത്

എന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്ന് ഇപ്പോൾ ഒരു കോടി പോയിട്ട് ഒരു രൂപയുടെ നഷ്ടം കേരളത്തിലുണ്ടാകുന്നില്ല. എന്തുകൊണ്ടാണ്? ഇവിടെ കൊണ്ടുവന്ന ഓർഡിനൻസിനെ പ്രതിപക്ഷം അനുകൂലിച്ചു, കേന്ദ്ര ഗവൺമെന്റ് അനുകൂലിച്ചു. സംസ്ഥാന ഗവൺമെന്റ് അതിന്റെ നിയമ നടപടികൾ നടത്തിയാൽ മാത്രം മതി. ഇന്ന് വളരെ പ്രകടമായും ലോട്ടറിക്കെതിരായിട്ട് നമ്മൾ അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ശക്തമായ നടപടിയുമായിട്ട് മുന്നോട്ടുപോകണം. ഞങ്ങൾ യോജിക്കാൻ തയ്യാറാണ്. മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ സി. ബി. ഐ. അന്വേഷണം വേണമെന്ന് നിയമസഭയിൽ ഒരു പ്രമേയം കൊണ്ടുവന്നാൽ ഞങ്ങൾകൂടി പിൻതാങ്ങാം. പ്രമേയം കോണ്ടുവന്നാൽ ഞങ്ങളും കൂടി യോജിക്കാം. അങ്ങയുടെ കത്തിലെ ആവശ്യം നടപ്പിലാക്കേണ്ടത് തന്നെയാണ് എന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങ് ഒന്ന് ഓർക്കണം, ഞങ്ങൾ ഈ ആവശ്യം ഉന്നയിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറ്റില്ല എന്നു പറഞ്ഞു, സാധിക്കില്ല എന്നു പറഞ്ഞു. ഇപ്പോൾ അങ്ങ് എഴുതിയിരിക്കുന്ന കത്ത് എന്താണ് ? സംസ്ഥാന ഗവൺമെന്റ് അന്വേഷിച്ചാലും പോരാ, സി. ബി. ഐ. യോ എൻ.ഐ.എ.യോ അന്വേഷിക്കണം. അങ്ങയുടെ കത്തിന്റെ ഗൗരവം എവിടെയാണ് കൂടുന്നത് എന്നറിയാമോ. ഞങ്ങൾ പോലും പറയാത്ത ഒരു കാര്യം എഴുതിയിട്ടുണ്ട്. ഞങ്ങൾ ഇതിനകത്തെ അഴിമതി, ജനങ്ങൾക്കുവരുന്ന നഷ്ടം, ഇതുണ്ടാക്കുന്ന സാമൂഹ്യ വിപത്ത് ആണ് ചൂണ്ടിക്കാണിച്ചത്. പക്ഷേ അങ്ങ് എഴുതിയിരിക്കുന്നതിനകത്ത് ഈ പണം രാജ്യദ്രോഹത്തിനുവേണ്ടി, തീവ്രവാദത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടോ എന്നുപോലും സംശയം പ്രകടിപ്പിച്ചിരിക്കുന്നു. ഇത്രയും ഗുരുതരമായ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യുന്നില്ലെങ്കിൽ പിന്നെ എന്താണ് നമ്മൾ ചർച്ച ചെയ്യേണ്ടത് ? സംസ്ഥാന ഗവൺമെന്റിന്റെ ഈ നിലപാട് തികച്ചും നിഷേധാത്മകമാണ്. ധനകാര്യ വകുപ്പുമന്ത്രി തികച്ചും മൗനം പാലിച്ചിരിക്കുകയാണ്. 'മൗനം വിദ്വാന് ഭൂഷണ'മെന്ന് പറയുന്നതിന്റെ പ്രതീകമായിട്ട് അദ്ദേഹം അവിടെ ഇരിപ്പുണ്ട്. ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യണം. മുഖ്യമന്ത്രിയുടെ കത്ത് അംഗീകരിക്കണമെന്ന് ഒരു പ്രമേയം കൊണ്ടുവന്നാൽ ഞങ്ങളും കൂടി യോജിച്ച് പാസ്സാക്കാൻ തയ്യാറാണ്. പക്ഷേ ചർച്ച പോലും അനുവദിക്കാത്ത ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെറ്റിദ്ധരിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ഇന്റർവെൻഷൻസെല്ലാം നടത്തിയത് എന്ന് ഞാൻ മനസ്സിലാക്കുന്നു. സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞ് ബഹുമാന്യനായ മുഖ്യമന്ത്രി കൊടുത്ത കത്ത് പിശകാണെന്നല്ല ഞങ്ങൾ പറഞ്ഞത്. അതിൽ പോരായ്മയുണ്ടെന്നുള്ളതല്ല ഞങ്ങൾ പറയുന്നത്. ഇവിടെ പ്രസക്തമായ വിഷയം, അങ്ങ് സി.ബി.ഐ.യുടെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിലേക്ക് കത്ത് അയച്ചതിന്റെ അടിസ്ഥാനത്തിൽ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

വെളിപ്പെടുത്തിയ സാഹചര്യങ്ങളുടെകൂടി അടിസ്ഥാനത്തിൽ ഇവിടെ എന്താണ് വ്യക്തമാകുന്നത് ? ഇവിടെയിരിക്കുന്ന ഡോ. തോമസ് ഐസക് ഇതുവരെ എടുത്ത നിലപാടുകളുടെ നിരാകരണമാണ് അങ്ങയുടെ കത്ത് എന്നുള്ളതാണ്. അവിടെയാണ് ഇതിലെ പോയിന്റ്. വകുപ്പുമന്ത്രിയായ ഡോ. തോമസ് ഐസക് ആദ്യം ഇത് വളരെ ലാഘവത്തോടുകൂടി കണ്ടു. ആദ്യം പറഞ്ഞു, ഇതിനകത്ത് നിയമം ഇല്ല, നടപടിയൊന്നും എടുക്കാൻ പറ്റില്ല. ഓർഡിനൻസ് ഇവിടെ പ്രൊമുൽഗേറ്റ് ചെയ്തപ്പോൾ നിയമമുണ്ടായി, നടപടി ആവശ്യമാണെന്നുകണ്ടു. എത്ര ധിക്കാരപൂർവ്വമാണ് കഴിഞ്ഞ നിയമസഭ പിരിഞ്ഞത്. ഒരു അന്വേഷണത്തിനും സർക്കാർ തയ്യാറല്ല, ഒരു അന്വേഷണവും ആവശ്യമില്ല. ഇന്നെന്താണ് അന്വേഷണം വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞത് ? മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്, 80,000 കോടി രൂപയുടെ തിരിമറി, ഇത് ടെററിസ്റ്റ് ആക്ടിവിറ്റീസിനുവേണ്ടി ഉപയോഗിച്ചു, ഹവാല ഇടപാടുകൾ അതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് അത്യന്തം സംഭവബഹുലമായ വസ്തുക്കൾ വെളിപ്പെടുത്തി കൊണ്ട് സി.ബി.ഐ.യുടെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഒരു മുഖ്യമന്ത്രി കത്തയച്ച സാഹചര്യത്തിൽ അങ്ങ് അന്തസ്സുണ്ടെങ്കിൽ ആ കസേരയിൽ ചടഞ്ഞിരിക്കുമോ ? നിങ്ങൾ രാജിവച്ച് പുറത്തുപോകണം. ഇല്ലെങ്കിൽ ഇദ്ദേഹത്തെ പുറത്താക്കണം. ഇത്രയും വലിയ വീരശൂര പരാക്രമിയായ മുഖ്യമന്ത്രി ഇത് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ? അങ്ങയുടെ കത്ത് ശരിയാണെന്നുണ്ടെങ്കിൽ സി.ബി.ഐ. അന്വേഷണം വരുന്നതുവരെ ഇദ്ദേഹത്തെ മാറ്റി നിർത്തിക്കൊണ്ട് സി.ബി.ഐ. അന്വേഷണം നടത്തണം. അദ്ദേഹത്തെ പുറത്താക്കണം. അതാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ സത്ത. അങ്ങയുടെ കത്തും ഡോ. തോമസ് ഐസക്കിന്റെ നിലപാടും ഒരുമിച്ച് പോകുകയില്ല. അങ്ങയുടെ കത്തും ഡോ. തോമസ് ഐസക് നിയമസഭയിൽ എടുത്ത നിലപാടും പരസ്പരവിരുദ്ധമാണ്. അപ്പോൾ ഡോ. തോമസ് ഐസക് ഈ സഭയെ മിസ്‌ലീഡ് ചെയ്യുകയാണ് ചെയ്തത്, ഈ സഭയിൽനിന്ന് സത്യം മറച്ചു വയ്ക്കുകയാണ് ചെയ്തത്. അങ്ങനെയുള്ള ഒരു ധനകാര്യമന്ത്രി, 80,000 കോടിരൂപയുടെ തട്ടിപ്പിന് കൂട്ടുനിന്ന ധനകാര്യ മന്ത്രി, ഈ തിരിമറികൾക്ക് കൂട്ടുനിന്ന ധനകാര്യമന്ത്രി രാജിവച്ച് പുറത്ത് പോകണം. ഒരു കാര്യം കൂടി പറയട്ടെ. ഹൈക്കോടതിയിൽ ഇപ്പോൾ ഒരു കേസ് നടക്കുന്നുണ്ട്. സർക്കാർ ലോട്ടറിയ്ക്കെതിരെ കൊണ്ടുവന്ന ഓർഡിനൻസിനെതിരെ മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സ് ഹൈക്കോടതിയിൽ കൊടുത്ത കേസിൽ സിബിമാത്യൂവിന്റെ റിപ്പോർട്ട് ഹാജരാക്കി. സിബിമാത്യൂ സർക്കാരിന് നൽകിയ റിപ്പോർട്ടിൽ 16 പേജുണ്ട്. അതിലെ മറ്റ് പേജുകൾ സപ്രസ് ചെയ്തുകൊണ്ട് 4 പേജുള്ള ഒരു നോട്ടാണ് ഹൈക്കോടതിക്ക് ധനകാര്യ വകുപ്പിൽ നിന്നും സമർപ്പിച്ചത്. അതിൽ പ്രധാനപ്പെട്ട പോർഷൻസെല്ലാം കളഞ്ഞിരിക്കുകയാണ്. ഇവിടെ സിബി മാത്യൂവിന്റെ റിപ്പോർട്ടുപോലും പൂഴ്ത്തിവച്ച ധനകാര്യ വകുപ്പു മന്ത്രിയാണ്. സാന്റിയാഗോ മാർട്ടിനെതിരെ നടപടി സ്വീകരിക്കാത്തതെന്താണെന്ന് കോടതി വരെ ചോദിച്ചിരിക്കുകയാണ്. അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കാത്ത ധനകാര്യ മന്ത്രി, നിങ്ങൾ ഈ നാടിന് ആക്ഷേപമാണ്, നാണക്കേടാണ്. ഗവൺമെന്റ് നിലപാടിൽ പ്രതിക്ഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, 80,000 കോടി രൂപയുടെ തിരിമറി, ക്രമക്കേടുകൾ നടത്തിയ ഈ സംഭവം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു വിഷയമാണ്. വാസ്തവത്തിൽ മുഖ്യമന്ത്രി തന്നെ പറഞ്ഞ ഒരു കാര്യം വളരെ വ്യക്തമാണ്. കഴിഞ്ഞ ദിവസംവരെ ഡോ. തോമസ് ഐസക് എടുത്ത നയത്തിൽനിന്ന് വ്യത്യസ്തമായി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. ചിദംബരത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.ബി.ഐ.യെ കൊണ്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയതുതന്നെ ഇതുവരെ അദ്ദേഹം എടുത്ത നിലപാട് തെറ്റായിരുന്നുവെന്നും ഈ കാര്യത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും വ്യക്തമാണ്. ഈ കാര്യത്തിൽ ഞങ്ങൾക്ക് ഉറച്ച നിലപാടാണുള്ളത്. അതുപോലെതന്നെ സാന്റിയാഗോ മാർട്ടിനെ അറസ്റ്റ് ചെയ്യുവാനും നടപടി സ്വീകരിക്കുവാനും അറച്ചുനിൽക്കുന്ന ഒരു ഗവൺമെന്റാണിത്. അതുകൊണ്ടുതന്നെ ഇതിലെ ദുരൂഹത വളരെ വ്യക്തമാണ്. ഈ തിരിമറികളെല്ലാംതന്നെ ഗവൺമെന്റിന്റെ ഒത്താശയോടുകൂടിയാണ് നടന്നിട്ടുള്ളത്. അതുപോലെതന്നെ സിബിഐയുടെ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിന് ഗവൺമെന്റ് താമസം വരുത്തി. ഇക്കാര്യങ്ങളിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ ശക്തമായ നടപടികൾ സ്വീകരിച്ചിരുന്നു. ഓൺലൈൻ ലോട്ടറി നിരോധനവും അതുപോലെതന്നെ മറ്റ് നടപടികളും സ്വീകരിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ നടപടികളിലൂടെ സർക്കാരിന് വളരെയേറെ നഷ്ടം വരുത്തുകയുണ്ടായി. ഏറ്റവും വലിയ രാജ്യദ്രോഹമാണ് ഇതുകൊണ്ട് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് സാന്റിയാഗോ മാർട്ടിനെയും ഇതുമായി ബന്ധപ്പെട്ട ആളുകളെയും അറസ്റ്റ് ചെയ്യുവാനും അതുപോലെതന്നെ ഇത് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കാനും സർക്കാർ തയ്യാറാകണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആത്മാർത്ഥതയോടുകൂടിയാണ് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിക്ക് സി.ബി.ഐ.യെക്കൊണ്ട് അന്വേഷണം നടത്താൻ കത്തെഴുതിയിട്ടുള്ളതെങ്കിൽ ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇതുസംബന്ധിച്ച് ഒരു പ്രമേയം കൊണ്ടുവന്ന് ഐകകണ്ഠ്യേന ഞങ്ങളുടെയെല്ലാം സഹകരണത്തോടുകൂടി പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കണം. ഈ അതിപ്രധാനമായ, ഗുരുതരമായ ക്രമക്കേടിനെക്കുറിച്ചുള്ള അടിയന്തിര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)

LIBRARY ARCHIVES Kerala Legislative Assembly